Dated : 23/11/2021

# യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘം പോലീസ് പിടിയിൽ

കൊല്ലം : കോളേജ് വിദ്യാർത്ഥിയായ യുവാവിനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച സംഘം പോലീസ് പിടിയിലായി. വടക്കേവിള അയത്തിൽ ഗാന്ധിനഗർ-68 മനക്കര തെക്കതിൽ വീട്ടിൽ സജീവ് മകൻ ഷിയാസ് (19), അയത്തിൽ ജി.വി നഗർ 53 കാവുങ്കൽ തെക്കതിൽ വീട്ടിൽ രാജ മകൻ റെനീഫ് (20) എന്നിവരാണ് പോലീസ് പിടിയിലായത്. തിങ്കളാഴ്ച ഉച്ചയോടെ റ്റി.കെ.എം കോളേജ് ലൈബ്രറി ഹാളിന് മുന്നിൽ വച്ചാണ് കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചത്. കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിയായ മുഹമ്മദ് ആസിഫിനാണ് കുത്തേറ്റത്. ഇയാളുടെ സുഹൃത്തിന്റെ ബന്ധുവായ പെൺകുട്ടിയെ ഷിയാസ് ഫോണിൽ വിളിച്ച് ശല്യപ്പെടുത്തിയിരുന്നു. ഇതിനെ കുറിച്ച് ചോദിച്ചതിന്റെ വിരോധത്തിലാണ് രണ്ടാം വർഷ വിദ്യാർത്ഥികളായ ഇവർ ആസിഫിനെ ആക്രമിച്ചത്. തുടർന്ന് റെനീഫ് കൈവശമുണ്ടയിരുന്ന കത്തി ഉപയോഗിച്ച് ആഴത്തിൽ കുത്തി മുറിവേൽപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. സ്ഥലത്തെത്തിയ പോലീസ് സംഘം പ്രതികളെ സംഭവ സ്ഥലത്ത് നിന്നും പിടികൂടുകയായിരുന്നു. കിളികൊല്ലൂർ ഇൻസ്പെക്ടർ വിനോദ്.കെ യുടെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ അനീഷ് എ.പി, ശ്രീനാഥ് വി.എസ്, ജയൻ കെ സക്കറിയ, സന്തോഷ്, ജാനസ് പി ബേബി എ.എസ്.ഐ ഡെൽഫിൻ ബോണിഫസ്, സി.പി.ഓ മാരായ സാജൻ, ഷാജി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.


റെനീഫ്


ഷിയാസ്

# യുവാവിനെ ആളുമാറി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒളിവിലായിരുന്നയാൾ പോലീസ് പിടിയിലായി

കൊല്ലം : യുവാവിനെ ആളുമാറി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒളിവിലായിരുന്നയാളെ പോലീസ് പിടികൂടി. ഒക്ടോബർ മാസം രണ്ടാം വാരം കരുനാഗപ്പള്ളിപട.വടക്ക് സ്വദേശികളായ യുവാക്കളെ ആള് മാറി കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലുൾപ്പെട്ടയാളാണ് പോലീസ് പിടിയിലായത്. കരുനാഗപ്പള്ളി അയണിവേലിക്കുളങ്ങര കോഴിക്കോട് മേക്ക് ആഷിക്ക് മൻസിലിൽ അബ്ദുൽ സലാം മകൻ ആഷിക് (23) ആണ് പോലീസ് പിടിയിലായത്. അക്രമി സംഘത്തിലെ ഒമ്പത് പേരെ ആക്രമണം കഴിഞ്ഞ് മണിക്കൂറുകൾക്കിടയിൽ പോലീസ് പിടികൂടിയിരുന്നു. കേസിലെ മൂന്നാം പ്രതിയായ ഇയാൾ സുഹൃത്തിന്റെ സഹായത്തോടെ ഒളിവിൽ പോകുകയായിരുന്നു. ആക്രമണത്തിന് ശേഷം ബംഗ്ലൂരിന് കടന്ന് ഇയാൾ തുടർന്ന് ചെന്നൈയിലും താമസിച്ചതിന് ശേഷം നാട്ടിലെത്തി സുഹൃത്തിന്റെ സഹായത്തോടെ തിരികെ ചെന്നൈയിലേക്ക് കടക്കാൻ ശ്രമിക്കുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻറ്റി ഐപിഎസ്ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിലാണ് പിടിയിലായത്.



അക്രമി സംഘത്തിലെ സുഹൈൽ എന്നയാളിന്റെ കാമുകിയെ കരുനാഗപ്പള്ളി പുള്ളിമാൻ സ്വദേശിയായ ഫഹീസ് എന്ന യുവാവ് ഫോണിൽ വിളിച്ചതിനെ തുടർന്നുണ്ടായ വിരോധമാണ് ആക്രമണത്തിൽ കലാശിച്ചത്. ഫഹീസിനെ കൊലപ്പെടുത്തണമെന്ന ഉദ്ദേശത്തോടു കൂടി സുഹൈലിന്റെ നേതൃത്വത്തിലുള്ള ആക്രമി സംഘം രാത്രി എട്ടര മണിയോടു കൂടി കരുനാഗപ്പള്ളി എസ്.ബി.എം ജംഗ്ഷന് പടിഞ്ഞാറ് സിബി ഹോട്ടലിന് സമീപം റോഡിൽ രണ്ട് സ്ക്കൂട്ടറുകളിലും കാറിലുമായി കാത്ത് നിൽക്കുകയായിരുന്നു. ഈ സമയം അത് വഴി സുഹൃത്തുക്കൾക്കൊപ്പം സ്ക്കൂട്ടറിൽ വന്ന അലി മുഹമ്മദിനെ ആള് മാറി തടഞ്ഞ് നിർത്തി ആക്രമിക്കുകയായിരുന്നു. അക്രമികൾ കൈവശമിരുന്ന ക്രിക്കറ്റ് സ്റ്റമ്പും ഇരുമ്പ് വടികളും ഉപയോഗിച്ച് അടിക്കുകയും അലിമുഹമ്മദിന് ഒപ്പമുണ്ടായിരുന്ന ബിലാൽ എന്നയാളിനെ നെഞ്ചിലും വയറ്റിലും കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു ഗുരുതരമായി പരിക്കേറ്റ ബിലാൽ കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. കരുനാഗപ്പള്ളി ഇൻസ്പെക്ടർ ജി. ഗോപകുമാറിന്റെ നേതൃത്വത്തിൽ, എസ്സ്.ഐ ജയശങ്കർ, എ.എസ്സ്.ഐ മാരായ ഷാജിമോൻ, നന്ദകുമാർ, സി.പി.ഓ മാരായ ഹാഷിം, സലീം എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.